STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.43/PR/SPMC/PHQ/2021 Date:26.01.2021

## സന്ദേശം ലഭിച്ച് ഏഴുമിനിറ്റിനകം പോലീസ് സഹായം ഉറപ്പുവരുത്തുമെന്ന് ഡി.ജി.പി

കേരള പോലീസിന്റെ 112 എന്ന നമ്പറിൽ കോൾ കിട്ടി ഏഴു മിനിറ്റിനകം സഹായം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയാണ് പോലീസിന്റെ ലക്ഷ്യമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു. ഇതിനുവേണ്ടി നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കും. 112 ന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം സംവിധാനത്തിലെ പോലീസ് ഉദ്യോഗസ്ഥർക്ക് റോട്ടറി ക്ലബ് ഓഫ് ടെക്നോപാർക്ക് നൽകിയ പുരസ്കാരം പോലീസ് ആസ്ഥാനത്ത് വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെമ്പാടുനിന്നും 112 എന്ന നമ്പറിൽ വിളിച്ചാൽ പോലീസ് ആസ്ഥാനത്തെ കൺട്രോൾ റൂമിൽ ആണ് സന്ദേശം ലഭിക്കുക. സംഭവസ്ഥലത്ത് എത്താൻ കൺട്രോൾ റൂം വാഹനങ്ങൾക്ക് നിർദ്ദേശം നൽകുന്നത് ഈ കേന്ദ്രത്തിൽ നിന്നാണ്. എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം സംവിധാനത്തിന്റെ ചുമതലയുള്ള ഇൻസ്പെക്ടർ ബി.എസ് സാബു, സബ് ഇൻസ്പെക്ടർമാരായ ജെ. സന്തോഷ് കുമാർ, ആർ. വിനോദ്, സിവിൽ പോലീസ് ഓഫീസർമാരായ ബി.എസ്. അഹുൽ ചന്ദ്രൻ, യു. അഭിലാഷ്, പോലീസ് കൺട്രോൾ റൂം വാഹനത്തിലെ സബ് ഇൻസ്പെക്ടർ ഒ.കെ. സുരേഷ് ബാബു എന്നിവരാണ് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയിൽ നിന്ന് അവാർഡ് സ്വീകരിച്ചത്.

എ.ഡി.ജി.പി മനോജ് എബ്രഹാം, റോട്ടറി ക്ലബ് ഓഫ് ടെക്നോപാർക്ക് പ്രസിഡന്റ് ഹരീഷ് മോഹൻ. സി.പി എന്നിവരും റോട്ടറി ക്ലബ് ഓഫ് ടെക്നോപാർക്കിന്റെ മറ്റ് ഭാരവാഹികളും ചടങ്ങിൽ സംബന്ധിച്ചു.

***************************